**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3122** **07-10-2025 - ൽ മറുപടിയ്ക്ക്**

**ജലജീവൻ പദ്ധതിയുടെ കരാറുകാരുടെ കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജലജീവൻ പദ്ധതിയുടെ നടത്തിപ്പ് ഏറ്റെടുത്തിട്ടുള്ള കരാറുകാർക്ക് കുടിശ്ശിക തുക നൽകാത്തത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തുക സമയബന്ധിതമായി നൽകി പദ്ധതി പ്രവൃത്തികൾ മുടങ്ങാതിരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് ജലജീവൻ മിഷൻ പദ്ധതിയുടെ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർക്ക് കുടിശ്ശിക തുക നൽകുന്നതിലുള്ള കാലതാമസം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. പ്രധാനമായും ഫണ്ടിന്റെ ലഭ്യതക്കുറവ് മൂലമാണ് പൂർത്തിയാക്കിയ പ്രവൃത്തികളുടെ തുക സമയബന്ധിതമായി കൈമാറാൻ കഴിയാത്ത സാഹചര്യം ഉണ്ടായത്.<br><br>സംസ്ഥാനത്ത് ജലജീവൻ മിഷൻ പദ്ധതിയുടെ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർക്ക് നിലവിൽ 5644 ബില്ലുകളിലായി 6117.17 കോടിരൂപയുടെ കുടിശ്ശികയുണ്ട്.<br><br>പദ്ധതിപ്രവൃത്തികൾ മുടങ്ങാതിരിക്കാനും കുടിശ്ശിക സമയബന്ധിതമായി നൽകാനുമായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജലജീവൻ മിഷന്റെ സംസ്ഥാന വിഹിതം കണ്ടെത്തുന്നതിനായി കേരള വാട്ടർ അതോറിറ്റി (KWA) സമർപ്പിച്ച വിവിധ നിർദ്ദേശങ്ങൾ സർക്കാരിന് ലഭിക്കുകയും അതിന്റെ ഭാഗമായി നബാർഡിൽ (NABARD) നിന്ന് വായ്പയെടുക്കുന്നതിനുള്ള പദ്ധതിക്ക് അംഗീകാരം നൽകുകയും ചെയ്തു. 15-09-2025 ലെ G.O.(Ms) No.67/2025/WRD സർക്കാർ ഉത്തരവ് പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് ₹9000 കോടി രൂപ കടമെടുക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. ഈ ₹9000 കോടി രൂപയിൽ ₹5000 കോടി രൂപ ആദ്യ ഗഡുവായി എടുക്കാനുള്ള അനുമതിയാണ് നിലവിൽ നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ